LIBRARY ARCHIVES Kerala Legislative Assembly

പുതുതായി ആരംഭിച്ച ചെറുകിട വ്യവസായങ്ങൾ

14 [3527] *ശ്രീ. എ. എ. അസീസ്:*
,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചു;

(ബി) ഈ വ്യവസായങ്ങൾക്ക് ഇതിനകം എന്തു സഹായം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരംഭിച്ച ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണം 41817 ആണ്.

(ബി) രജിസ്റ്റർ ചെയ്ത യൂണിറ്റുകളിൽ, നെഗറ്റീവ് ലിസ്റ്റിൽപ്പെടാത്തവയ്ക്ക് മാർജിൻമണി വായ്പ സബ്സിഡികൾ, മാർക്കറ്റിംഗ് സഹായം തുടങ്ങിയവയ്ക്കൊപ്പം ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വ്യവസായം ആരംഭിക്കുന്നതിനും തുടർന്ന് നടത്തിക്കൊണ്ടുപോകുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കാനും സഹായിക്കുന്നു. കൂടാതെ യൂണിറ്റുകൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

ക്ലസ്റ്റർ അടിസ്ഥാനത്തിൽ വ്യവസായങ്ങൾ

15 [3528] *ശ്രീ. വി. ഡി. സതീശൻ:*
,, *പി. ജെ. ജോയി:*
,, *ലൂഡി ലൂയിസ്:*
,, *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം ഇതിനുള്ള സാദ്ധ്യതയുണ്ടെന്നതിനെപ്പറ്റി പഠിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ സമഗ്ര വികസനത്തിനായി ക്ലസ്റ്റർ അധിഷ്ഠിത വ്യവസായ വികസനം സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ക്ലസ്റ്റർ വികസനത്തിന് സാദ്ധ്യതയുള്ളതായി പ്രാഥമിക പഠനത്തിൽ കണ്ടെത്തിയിട്ടുള്ള ജില്ലകളും ബന്ധപ്പെട്ട സാദ്ധ്യതാ മേഖലകളും സംബന്ധിച്ച വിശദാംശം അനുബന്ധമായി നൽകുന്നു.†

† അനുബന്ധം III